# പതിമൂന്നാം കേരളനിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 51** | **01/12/2015-ൽ മറുപടിക്ക്**

## ഐ.ടി. കയറ്റുമതി വിഹിതത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം

**ചോദ്യം**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എൻ. എ. ഖാദർ

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, ഐ.ടി. കയറ്റുമതിയിൽ ഉണ്ടായിട്ടുള്ള വർദ്ധന എത്രത്തോളമാണെന്ന് വിശദമാക്കാമോ; | (എ) | സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഐ.ടി. പാർക്കുകളിൽ നിന്നുമുള്ള വർഷം തിരിച്ചുള്ള കയറ്റുമതി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. (see table 1) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള STPI യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളിൽ നിന്നുമുള്ള കയറ്റുമതിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. **STPI :** STP & Non-STP (see table 2) |
| (ബി) | ഇൻഡ്യയുടെ മൊത്തം കയറ്റുമതി വിഹിതത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് | (ബി) | മികച്ച നിലവാരമുള്ള മാനവ വിഭവ ശേഷി, ഐ.റ്റി. വ്യവസായത്തിന് അത്യന്താപേക്ഷിതമായ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇതിനോടനുബന്ധിച്ചുള്ള മറ്റ് അനുബന്ധ സാഹചര്യങ്ങൾ |

Table 1:

| സാമ്പത്തിക വർഷം | ഐ.ടി. കയറ്റുമതി (കോടിയിൽ) (ഏകദേശം) |
|---|---|
| 2011-2012 | 3267.63 |
| 2012-2013 | 5027.00 |
| 2013-2014 | 6600.00 |
| 2014-2015 | 8250.28 |

Table 2 (STPI : STP & Non-STP):

| സാമ്പത്തിക വർഷം | ഐ.ടി. കയറ്റുമതി (കോടിയിൽ) (ഏകദേശം) |
|---|---|
| 2011-2012 | 1982.64 |
| 2012-2013 | 2240.70 |
| 2013-2014 | 3665.23 |
| 2014-2015 | 2867.77 |

| | | | |
|---|---|---|---|
| | സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ; | | എന്നിവ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് ഐ.റ്റി. മേഖലയിലെ വികസനത്തിനായി സംസ്ഥാന സർക്കാർ പുതിയ ഐ.റ്റി. നയം രൂപീകരിച്ചിട്ടുണ്ട്. ഇത് ഐ.ടി. വികസനവും, ഐടി കയറ്റുമതിയും സാധ്യമാക്കുന്നതിന് സഹായിക്കുന്നു. ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിനും അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങൾക്കൊപ്പം ഐ.ടി. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി സർക്കാർ രൂപീകരിച്ചിട്ടുള്ള കമ്പനിയായ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.റ്റി.ഐ.എൽ.) മുഖേനയും തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക് തുടങ്ങിയ പാർക്കുകളും, അവ കേന്ദ്രമാക്കി HUB and spoke മാതൃകയിൽ ആരംഭിച്ചിട്ടുള്ള IT പാർക്കുകളും വഴി സംസ്ഥാനമൊട്ടാകെ ഐ.ടി. വികസനം വ്യാപിപ്പിക്കുവാനും കയറ്റുമതി വർദ്ധിപ്പിക്കുവാനും കഴിയുന്നു.<br>പാർക്കുകളുടെ വിവിധ പദ്ധതികളിലായി നിലവിലുള്ള ആഗോള നിലവാരമുള്ള ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കൂടുതൽ സൗകര്യങ്ങൾ സജ്ജീകരിക്കുക എന്നതിനു പുറമെ കോഴിക്കോട് സൈബർപാർക്കിലും കൊല്ലം, ചേർത്തല, കൊരട്ടി, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ ചെറുകിട പാർക്കുകളിലും അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങളുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമൂലം കൂടുതൽ ഐ.ടി. സംരംഭകരെ ആകർഷിക്കുവാനും അതുവഴി വരും വർഷങ്ങളിൽ കൂടുതൽ ഐ.ടി. കയറ്റുമതി സാധ്യമാകുന്നതാണ്. കോഴിക്കോട് സൈബർപാർക്കിൽ 2.84 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ പണിയും, സ്മാർട്ട് സിറ്റിയുടെ 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ പണിയും പുരോഗമിച്ചുവരുന്നു. ഇത് പ്രവർത്തനക്ഷമമാകുന്ന തോടെ ഇന്ത്യയുടെ മൊത്തം കയറ്റുമതി വിഹിതത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം ഗണ്യമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കയറ്റുമതിയിൽ സർക്കാർതല സ്ഥാപനങ്ങളുടെയും സ്വകാര്യമേഖലകളുടെയും വിഹിതം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്രയായിരുന്നു എന്ന് അറിയിക്കുമോ? | (സി) | സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ വിഹിതം 2014-15 വർഷം 8250.28 കോടി രൂപയാണ്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള STPI യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളുടെ വിഹിതം 2867.77 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ